ഇ.എക്സ്./എ.1/1001/2021/സി.ജി.ഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: **24.02.2021.**

**സെക്രട്ടറി,**
പരീക്ഷാഭവൻ.

**എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.**

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - **എസ്.എസ്.എൽ.സി മോഡൽപരീക്ഷ - മാർച്ച് 2021- നടത്തിപ്പ്- മാർഗ്ഗനിർദ്ദേശങ്ങൾ-** സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ 09.02.2021-ലെ ഇതേ നമ്പർ കത്ത്.

2021 മാർച്ച് എസ്.എസ്.എൽ.സി. പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചിരുന്നു. 04.03.2021-ലെയും 05.03.2021-ലെയും ടൈംടേബിൾ പരസ്പരം മാറ്റി പുതുക്കിയ ടൈംടേബിൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. താങ്കളുടെ പരിധിയിലുള്ള എല്ലാ പ്രഥമാദ്ധ്യാപകർക്കും പുതുക്കിയ ടൈംടേബിൾ തുടർനടപടികൾക്കായി നൽകേണ്ടതാണ്. പരീക്ഷയോടനുബന്ധിച്ചുള്ള മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. എസ്.എസ്.എൽ.സി മോഡൽപരീക്ഷ മാർച്ച് 1-ന് തുടങ്ങി മാർച്ച് 5-ന് അവസാനിക്കുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ പരിധിയിലുള്ള എല്ലാ വിദ്യാലയങ്ങളിലും പരീക്ഷയുടെ ക്രമീകരണം നടന്നിട്ടുണ്ട് എന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഹയർ സെക്കണ്ടറി ഉള്ള വിദ്യാലയങ്ങളിൽ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരുമായി കൂടിച്ചേർന്ന് വിദ്യാർത്ഥികളുടെ സീറ്റിംഗ് അറേഞ്ച്മെന്റ് സംബന്ധിച്ച് മുൻകൂട്ടി ക്രമീകരണം ചെയ്യേണ്ടതാണ്. 2021-ലെ എസ്.എസ്.എൽ.സി മോഡൽപരീക്ഷയ്ക്ക് 2020-ൽ മോഡൽ പരീക്ഷ നടത്തിയപ്പോൾ സീറ്റിംഗ് അറേഞ്ച്മെന്റിനായി സ്വീകരിച്ച നടപടിക്രമം ഓരോ വിദ്യാലയത്തിലും സ്വീകരിക്കുവാനുള്ള മാർഗ്ഗനിർദ്ദേശം വിദ്യാലയങ്ങൾക്ക് നൽകേണ്ടതാണ്.

2. പൊതുപരീക്ഷയുടെ ചോദ്യപേപ്പറുകൾ സൂക്ഷിക്കുന്ന അതേ ഗൗരവത്തിൽ മോഡൽ പരീക്ഷയുടെ ചോദ്യപേപ്പറുകൾ കൈകാര്യം ചെയ്യുവാൻ ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള വീഴ്ച മോഡൽ പരീക്ഷയുടെ ചോദ്യപേപ്പറുകൾ കൈകാര്യം ചെയ്യുന്നതിൽ സംഭവിച്ചാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ക്കെതിരെ കർശന വകുപ്പുതല നടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

3. മോഡൽ പരീക്ഷയുടെ നടത്തിപ്പിൽ കോവിഡ്-19 പ്രോട്ടോക്കോൾ ഓരോ ഘട്ടത്തിലും പാലിക്കപ്പെടുന്നുണ്ട് എന്ന് പ്രഥമാദ്ധ്യാപകർ ഉറപ്പുവരുത്തേണ്ടതും അതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രഥമാദ്ധ്യാപകർക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നൽകേണ്ടതു മാണ്.

4. മോഡൽ പരീക്ഷയുടെ നടത്തിപ്പിനോടനുബന്ധിച്ച് സ്കൂൾ പി.ടി.എ., ബന്ധപ്പെട്ട പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ജീവനക്കാരുടെ സേവനം, ഇൻവിജിലേഷൻ ഡ്യൂട്ടി ഇല്ലാത്ത വിദ്യാലയത്തിലെ എല്ലാ അദ്ധ്യാപകരുടെയും സേവനം, റിസോഴ്സ് അദ്ധ്യാപക രുടെ സേവനം എന്നിവ പ്രയോജനപ്പെടുത്തുവാൻ പ്രഥമാദ്ധ്യാപകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

5. കോവിഡ്-19 സുരക്ഷാമാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ച് പരീക്ഷ നടത്തുവാൻ പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകുവാനുതകുംവിധം മോഡൽ പരീക്ഷ യ്ക്ക് മുൻപായി പ്രഥമാദ്ധ്യാപകരുടെ കോൺഫറൻസ് ഫെബ്രുവരി 28-ന് മുൻപായി നടത്തേണ്ടതാണ്.

വിശ്വസ്തതയോടെ

പരീക്ഷാകമ്മീഷണർ

പകർപ്പ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും-
2. എല്ലാ പ്രഥമാദ്ധ്യാപകർക്കും (ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ മുഖേന).

(മോഡൽ പരീക്ഷയുടെ നടത്തിപ്പിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രഥമാദ്ധ്യാപകർക്കും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.)

**C.A.SANTHOSH**
Additional Director (General)
Directorate of General Education

Jagathy, Thiruvananthapuram
Kerala – 695 014
Office: 0471 – 2324601
Extn: 0471 2580504
Fax: 0471 2324605
Email: adpigen.dge@kerala.gov.in

## SSLC MODEL EXAMINATION MARCH- 2021
## REVISED TIME TABLE

| DATE | DAY | TIME | SUBJECT |
|---|---|---|---|
| 01.03.2021 | Monday | 9.40 am to 11.30am | ***First Language Paper- 1***<br>Malayalam/ Tamil/ Kannada/ Urdu/Guajarati/ Addl. English/ Addl. Hindi/ Sanskrit (Academic) Sanskrit (Oriental) / Paper-1 for Sanskrit Schools/ Arabic (Academic)/<br>Arabic (Oriental)-Arabic Paper I for Arabic Schools. |
| 02.03.2021 | Tuesday | 9.40 am to 12.30pm | ***Second Language***<br>ENGLISH |
| | | 1.40 pm to 03.30 pm | ***Third Language***<br>HINDI/ General Knowledge |
| 03.03.2021 | Wednesday | 9.40 am to12.30 Pm | SOCIAL SCIENCE |
| | | 1.40 pm to 3.30 pm | ***First Language Paper- II***<br>Malayalam/ Tamil/Kannada/Spl. English// Fisheries Science (for Fisheries Technical Schools)/<br>Arabic Oriental- Paper-II for Arabic Schools / Sanskrit Oriental-Paper-II For Sanskrit Schools |
| 04.03.2021 | Thursday | 9.40 am to 12.30 pm. | Mathematics |
| | | 1.40 pm to 3.30 pm. | Chemistry |

| | | | |
|---|---|---|---|
| 05.03.2021 | Friday | 9.40 am to 11.30 am | Physics |
| | | 2.40 pm to 4.30 pm | Biology |

**For Director of General Education**